ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് സമ്മതിക്കുവാൻ ഞാൻ തയാറില്ല.

ശ്രീ. പ്രാക്കുളം മോസി : റാന്നി, വയലാ ഇടിക്കുളയുടെ നിയോജകമണ്ഡലമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. പി. വി. അവിരാത്തരകൻ : ബ്ലാക്കുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചു് ഉപദേശകസമിതി ഉണ്ടാക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : റാന്നിയിൽ സ്ഥാപിക്കണമെന്നു് സുപാർശചെയ്തതു് ആരാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആരും സുപാർശ ചെയ്തില്ല

ശ്രീ. ഇടിക്കുള ഇടിക്കുള : റാന്നിയിലുള്ളവർക്കു് അവിടെ ബ്ലാക്കു വേണമെന്നു് അപേക്ഷിക്കാൻ അവകാശമില്ലേ ?

(മറുപടി ഇല്ല.)

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മുനിസിപ്പാലിറ്റികൾ ഉള്ള സ്ഥലത്തു് ബ്ലാക്കുകൾ സ്ഥാപിക്കുകയില്ലയെന്നു പറഞ്ഞു. പക്ഷെ കർഷകപ്രധാനമായ മുനിസിപ്പാലിറ്റിയിൽ അതു് സ്ഥാപിക്കുന്നതിനെക്കുറിച്ചു് ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കർഷകപ്രധാനമായ മുനിസിപ്പാലിറ്റി എന്നു പറയുന്നതു് പരസ്പരവിരുദ്ധമാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : കർഷകപ്രധാനമായ മുനിസിപ്പാലിറ്റിയെന്നു് ഞാൻ പറഞ്ഞതു് മാവേലിക്കര മുനിസിപ്പാലിറ്റിയെക്കുറിച്ചാണു്. അവിടെ യാതൊരു വ്യവസായസ്ഥാപനങ്ങളും ഇല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൽക്കാലം അതിനെപ്പറ്റി ഒന്നും പറയുവാൻ നിവൃത്തിയില്ല.

എൻ. ഇ. എസ്സ്. ബ്ലാക്കുകളിലെ വളം വിതരണം.

* 129. [10] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ഇ. എസ്സ്. ബ്ലാക്കു പ്രദേശങ്ങളിൽ കൃഷിക്കാർക്കു് വളം വായ്പയായി നൽകുന്നതു് എന്തു വ്യവസ്ഥയനുസരിച്ചാണെന്നു വ്യക്തമാക്കുമോ;

(ബി) ഭൂമിയില്ലാത്ത പാട്ടക്കൃഷിക്കാർക്കു് വളം, വിളവുജാമ്യത്തിൽ നൽകുമോ;

(സി) ചെറുകിടവ്യവസായം, കോഴിവളത്തൽ, നെയ്ത്തു തുടങ്ങിയവയ്ക്കു് വായ്പ നൽകി സഹായിക്കുന്നതിനുള്ള പരിപൂർണ്ണാധികാരം ബ്ലാക്കു ആഫീസർക്കു മാത്രമായി നൽകിയിരിക്കയാണോ; ബ്ലാക്കു പ്രദേശത്തെ പഞ്ചായത്തു്, കർഷകസംഘം, തൊഴിലാളിയൂണിയൻ, മഹിളാ

LIBRARY ARCHIVES Kerala Legislative Assembly

സംഘം തുടങ്ങിയ ബഹുജനസംഘടനാപ്രതിനിധികളും, എം. എൽ. എ. മാരും ഉൾപ്പെട്ട കമ്മിറ്റികൾക്ക് ബ്ലാക്കുകളുടെ ഭരണച്ചുമതല വിട്ടുകൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വ്യവസ്ഥകൾ അടങ്ങിയ ഗവണ്മെൻറ് ഓർഡറിന്റെ ഒരു കോപ്പി * മേശമേൽ വച്ചിട്ടുണ്ട്.

(ബി) വിളവിന്റെ ജാമ്യത്തിലാണ് വായ്പ കൊടുക്കുന്നത്.

(സി) പ്രസ്തുത വായ്പകൾ നൽകുന്നതിനുള്ള പരിപൂർണ്ണാധികാരം ബ്ലാക്ക് ഡെവലപ്പ്മെൻറ് ആഫീസർക്ക് നൽകിയിരിക്കുകയാണ്. അദ്ദേഹം കൃഷിഡിപ്പാർട്ടുമെൻറിന്റെ നിർദ്ദേശം ഇക്കാര്യത്തിൽ സ്വീകരിക്കാറുണ്ട്.

ബഹുമാനപ്പെട്ട മെംബർ നിർദ്ദേശിച്ചതുപോലുള്ള കമ്മിറ്റികൾക്കു മാത്രമായി ബ്ലാക്കുകളുടെ ഭരണച്ചുമതല വിട്ടുകൊടുക്കുവാൻ പ്രയാസമാണ്. ബ്ലാക്കുകളിലെ പ്രവൃത്തികളിൽ മിക്കവാറും എല്ലാംതന്നെ പഞ്ചായത്തുകളുടെയും, മറ്റു സംഘടനകളുടെയും നിർദ്ദേശമനുസരിച്ചും ബ്ലാക്ക് അഡൈവസറി കമ്മിറ്റികളുടെ ഉപദേശമനുസരിച്ചുമാണ് നടത്തിവരുന്നതും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വിളവു ജാമ്യത്തിന്മേൽ വളം കടംകൊടുക്കുന്നതു തിരിച്ചടയ്ക്കുന്നതിനു വളവെട്ടുക്കാനുള്ള സൗകര്യം കൊടുക്കാതെ ആ കൃഷിതന്നെ ജപ്തിചെയ്യുന്നതായ ഒരു നടപടി ഇന്നു സ്വീകരിച്ചുവരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വല്ല ദൃഷ്ടാന്തങ്ങളും ഇന്നത്തെ നിയമത്തിലുണ്ടെങ്കിൽ അതു വ്യത്യാസപ്പെടുത്താം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പാട്ടത്തിനെടുത്തു കൃഷി നടത്തുന്നവർക്കു വളം കടമായി കൊടുക്കുന്നില്ല എന്നതും ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ആയിരിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഇന്നു പാട്ടത്തിനെടുത്തു കൃഷി ചെയ്യുന്നവർക്കു വളം കടമായി കൊടുക്കുന്നതിനുപകരം അതു ജന്മിമാർക്കു കൊടുക്കുകയും, അവർ അതിനു വില വാങ്ങിക്കുകയുമാണു ചെയ്തുവരുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നമ്മുടെ രാജ്യത്തെ കടിയായ്മനിയമങ്ങളിലുള്ള ചില വ്യവസ്ഥകൾ അനുസരിച്ചാണ്. അതു പരിഹരിക്കാൻ ശ്രമിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ ബ്ലാക്കുകളിൽ വളം മുതലായവ വിതരണം ചെയ്യുന്ന കാര്യം പഞ്ചായത്തുകൾക്കും മറ്റും വിട്ടുകൊടുക്കുന്നതിന് ഗവണ്മെൻറിന് എന്താണു തടസ്സം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറായിട്ടു പ്രവർത്തിക്കുകയാണ്. അല്ലാതെ ഗവണ്മെൻറ്

* Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

മായി ഉത്തരവാദിത്വമില്ലാത്ത കമ്മിറ്റിക്കാർക്ക് വിട്ടുകൊടുക്കുവാൻ നിവൃത്തിയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അങ്ങനെയാണെങ്കിൽത്തന്നെ ഈ എൻ. ഈ. എസ്സ്. ബ്ലോക്കുകളുടെമേൽ കൂടുതൽ നിർബ്ബന്ധം ചെലുത്താൻ ഈ ഗവണ്മെൻറിനു കഴിയുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നു് സാമാന്യമായി നിർബ്ബന്ധം ചെലുത്തുന്നുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പലപ്പോഴും പഞ്ചായത്തുകളുടേയും മറ്റും ശുപാർശകൾ ഈ ബ്ലോക്കാഫീസർന്മാർ നിഷേധിക്കുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പരാതി കിട്ടിയിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കൃഷിക്കാർക്ക് എൻ. ഈ. എസ്സ് ബ്ലോക്കുകളിൽ വളം കൊടുക്കുന്നതിനുള്ള സംഖ്യ ലാപ്സായിപ്പോയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുവേണം.

SHRI P. S. NATARAJA PILLAI: Are these loans granted for food-crops alone or for other crops also?

SHRI PANAMPILLI GOVINDA MENON: For all kinds of crops.

SHRI P. S. NATARAJA PILLAI: Is it being advanced for manuring cocoanut trees?

SHRI PANAMPILLI GOVINDA MENON: I claim notice.

SHRI P. S. NATARAJA PILLAI: May I request you to enquire into the matter and see that manure is given for manuring cocoant trees as well?

SHRI PANAMPILLI GOVINDA MENON: I shall look into that.

ശ്രീ. പി. വി. അവിരാതരകൻ: ഈ എൻ. ഈ. എസ്സ്. ബ്ലോക്കുകൾ സ്ഥാപിക്കുന്നതു് സെൻട്രൽ പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശമനുസരിച്ചാണോ, ലോക്കൽ അഡ്വൈസറി ബോർഡിന്റെ നിർദ്ദേശമനുസരിച്ചാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെൻട്രൽ പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശമനുസരിച്ചു് അഡ്വൈസറിബോർഡുകൾ രൂപീകരിച്ചിട്ടുണ്ടു്. അങ്ങനെ ഒരു അഡ്വൈസറിബോർഡിന്റെ തീരുമാനമനുസരിച്ചാണു് ഈ ബ്ലോക്കുകൾ ഉണ്ടാക്കിയിട്ടുള്ളതു്.

ശ്രീ. പി. വി. അവിരാതരകൻ: അങ്ങനെ രൂപീകരിച്ചിട്ടുള്ള അഡ്വൈസറിബോർഡിന്റെ തീരുമാനങ്ങളെ സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു സാധാരണയായിട്ടു സ്വീകരിക്കും. ലോക്കൽ അഡ്വൈസറി ബോർഡിന്റെ റെക്കമെന്റേഷൻസ് ബ്ലാക്കാഫീസറന്മാർ പരിഗണിക്കും. സെൻട്രൽ അഡ്വൈസറി ബോർഡിന്റെ ശുപാർശകൾ ഗവണ്മെന്റു പരിഗണിക്കുന്നുണ്ട്.

ശ്രീ. കെ. എ. ശിവരാമഭാരതി: അഡ്വൈസറി ബോർഡിന്റെ ശുപാർശകളല്ല പാവ്തൃകാരുടെ ശുപാർശകളാണ ഗവണ്മെൻറു പരിഗണിക്കുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തുന്നതിന് പാവ്തൃകാരന്മാരെ നിയോഗിക്കും.

ശ്രീ. കെ. എ. ശിവരാമഭാരതി: അവർ അന്വേഷണങ്ങൾ നടത്തുകയല്ല അഡ്വൈസ് കൊടുക്കുകയാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പാവ്തൃകാരന്മാർ അങ്ങനെ അഡ്വൈസ് കൊടുക്കാറില്ല. അതിനധികാരവുമില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: പാവ്തൃകാരന്മാരുടെ അഡ്വൈസ് കേൾക്കുന്നതായി വളരെയധികം പരാതികൾ ഗവണ്മെൻറിനു കിട്ടീട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കിട്ടീട്ടില്ല.

പകുത്ത്ക്കച്ചേരികളിലെ സ്റ്റേഷനറിയും ഫർണിച്ചറും.

* 130. [11] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകുതിക്കച്ചേരികളിൽ വേണ്ടത്ര ഫർണിച്ചറും സ്റ്റേഷനറിയും സപ്ലൈ ചെയ്യുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) പുതിയ ഫർണിച്ചർ വില്ലേജാഫീസുകളിൽ കൊടുക്കാൻ വേണ്ട നടപടി നടത്തുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) പരാതി ഉണ്ടായിട്ടില്ല.

(ബി) ചില വില്ലേജുകളിൽ കൊടുത്തുകഴിഞ്ഞു. മറ്റുള്ള സ്ഥലങ്ങളിൽ കൊടുക്കുവാൻ വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: എന്നുമുതൽക്കാണ് നടപടി നടത്തിക്കൊണ്ടിരിക്കുന്നത്?

ശ്രീ. എ. ജെ. ജാൻ: അടുത്ത കൊല്ലത്തേയ്ക്കുവേണ്ടി നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പകുതിക്കച്ചേരികളിലെ സാധനങ്ങൾ എല്ലാം വളരെ നാളായി പഴക്കം ചെന്നിട്ടുള്ളതാണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൻ: അതു കച്ചേരികളുടെ സ്ഥിതിഗതികൾ പോലെയായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II.

[*Please see answer to Question No. ✻ 129 (10)*]

GOVERNMENT OF TRAVANCORE-COCHIN.

PROCEEDINGS

DEVELOPMENT DEPARTMENT (N. E. S. SECTION)

Community Projects and Blocks—Issue of crop loans—rules regarding.

Read Government Proceedings CP. 2-13785/53/DD. dated 29—1—1954.

Order No. N. E. 6-3038/54/D.D. dated 14—7—1954.

Government sanction the following revised rules for the issue of loans for purchase of seeds, manures, insecticides etc., on the security of crops under the Travancore Land Improvement and Agricultural Loans Act and the Cochin Agriculture Improvement Loans Act, for the projects and Blocks in supersession of the orders issued in Government Proceedings C.P. 2-13785/53/D.D. dated 29-1-1954.

1. The loans will be granted to occupiers of lands for the purpose of buying seeds, manures, insecticides, implements and farm animals.

2. The loans will be issued either in cash or in the form of seeds, manures, insecticides, and implements according to the discretion of the Project Executive Officers/Block Development Officers. The issue of loans in cash will be done only in special cases.

3. The maximum amount of the loan will be Rs. 300/- The loan shall not in any case exceed one half of the expected yield of the crop which is the security of the loan.

4. The application for the loan should be made in the prescribed form (Annexure A). The Project and Block Officers shall stock the necessary forms for sale to intending applicants.

5. The application forms duly filled up should be accompanied by a certificate from the village officer that the applicant has ownership of the crop offered as security and that the applicant and the surety are solvent. The application should be presented at the project or block office.

6. The loan will bear interest from the date of issue. The rate of interest will be 5%, rebate at ½% being allowed to the loanees who repay the amount on the due date, which will be fixed by the Project Executive Officer/Block Development Officer. The date so fixed shall not be more than 15 days after the crop is to be harvested.

7. Loans will be payable on the security of crops, the personal security of the applicant and the personal security of one surety. The loan will be the first charge on the crop. Where the applicant possesses landed property valued at twice the amount of the loan, the personal security of the surety will not be required.

LIBRARY ARCHIVES Kerala Legislative Assembly

8. On receipt of an application for the loan, the Project Executive Officer/Block Development Officer will get it verified through local inspection by the Agricultural Extension Officer having jurisdiction of the locality where the crop is raised. The Agricultural Extension Officer will also certify the estimated value of the crop. The Project Executive Officer|Block Development Officer will also inspect the crop personally wherever he considers such inspection necessary.

9. The application will be disposed of by the Project or Block Officer on its merits. The Project Executive Officer or Block Development Officer will draw the sanctioned amount from the Treasury by debit to D.H. "R. Loans and Advances by State Governments 1. (d) 3-Advances under Community Project Scheme" and disburse the amount to the applicant after getting the necessary bond (form in Annexure B) executed. The bond form will be supplied by the officer to the applicant along with the application form. The bond will be retained by the Project Executive Officer/Block Development Officer in safe custody.

10. The Agricultural Extension Officer will inspect the crop before the harvest and see that necessary arrangements are made for the repayment in time. In case the full amount is not realised from the crop, and the balance amount with interest is not repaid by the applicant on the due date, the Project or Block Officer will take steps to recover the amount due from the loanee and|or the sureties under the provisions of the Revenue Recovery Act.

(By order of His Highness the Rajpramukh)
(*Sd.*) *Deputy Secretary to Government.*

To,

The Block Development Officer, Agasteeswaram
" Thiruvella
" Mavelikara
" Muvattupuzha
" Alleppey
The Project Executive Officer, Neyyattinkara-Vilavancode area
" Kunnathunad-Chalakudy area, Chalakudy
The Director of Public Relations
The Director of Agriculture
The District Collector, Trivandrum.
" Quilon
" Kottayam
" Trichur
The Registrar of Co-operative Societies
The Financial Assistant (*vide* FA (Cb) 4-1106/54 dated 6-5-54)
The Finance Department (*vide* Fin. (b) 2-14160|54 dated 9—6—1954)
The Comptroller (Finance Department)

2|3802/V

LIBRARY ARCHIVES Kerala Legislative Assembly